**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ 11.10.2021 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച് -ന്റെ സഹോദരി കുമാരി. ശില്പ ഹരി -യ്ക്ക് കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(എം.എസ്)നം.18/2022/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം :26.05.2022**

---

പരാമർശം:- 1. കുമാരി ശില്പ ഹരി -യുടെ 07.02.2022 ലെ അപേക്ഷ.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ്ജ്-ന്റെ 25.02.2022 തീയതിയിലെ C2/121/2022-DSW നമ്പർ കത്ത്.

3. സ.ഉ(പി)110/2002/പൊ.ഭ.വ തീയതി 29.04.2002.

# <u>ഉത്തരവ്</u>

**1.** ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന / കാണാതാകുന്ന / അംഗഭംഗം സംഭവിക്കുന്ന സൈനികന്റെ ഒരു ആശ്രിതന് പരാമർശം-3 ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്.

**2.** സൈനിക സേവനത്തിനിടെ 11.10.2021 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച് -ന്റെ സഹോദരി കുമാരി.ശില്പ ഹരി പ്രസ്തുത ഉത്തരവ് പ്രകാരം തൊഴിൽ സഹായം ലഭിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

**3.** തൊഴിൽ സഹായം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകയ്ക്ക് തൊഴിൽ സഹായത്തിന് അർഹതയുള്ളതാണെന്ന് പരാമർശം 2 പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഈ വിഷയം പരിശോധിച്ചു. ശിപോയ് വൈശാഖ്.എച്ച് -ന്റെ മരണം ജമ്മുകാശ്മീരിൽ ഓപ്പറേഷൻ രക്ഷക് ദൗത്യത്തിനിടെ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ സംഭവിച്ചതാണെന്നും ആയത് Attributable to Military Service (Battle

Casualty) ആണെന്നും ആർമി സീനിയർ റെക്കാർഡ്സ് ആഫീസർ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**5.** അപേക്ഷകയുടെ ജനനത്തീയതി 21.02.2001 ആണ്. തൊഴിൽ സഹായം സംബന്ധിച്ച പരാമർശം 3 ഉത്തരവിലെ Clause 5 (ii) പ്രകാരം സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III / IV ലെ ഏറ്റവും താഴ്ന്ന ഗ്രേഡിലോ, ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ, പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിലോ ആണ് തൊഴിൽ സഹായത്തിന് അർഹതയുള്ളത്.

**6.** ഈ സാഹചര്യത്തിൽ 11.10.2021 -ൽ ജമ്മുകാശ്മീരിൽ സൈനിക സേവനത്തിനിടെ മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച് - ന്റെ സഹോദരി കൊല്ലം ജില്ലയിൽ, കൊട്ടാരക്കര താലൂക്കിൽ, ഓടനാവട്ടം വില്ലേജിൽ, കുടവട്ടൂർ (പി.ഒ), ശിൽപ്പാലയത്തിൽ കുമാരി.ശില്പ ഹരി - യ്ക്ക് പരാമർശം 3 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**7.** കൊല്ലം ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.രാജു നാരായണ സ്വാമി.ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്-

1. കുമാരി.ശില്പ ഹരി, ശിൽപ്പാലയം, കുടവട്ടൂർ (പി.ഒ), ഓടനാവട്ടം വില്ലേജ്, കൊട്ടാരക്കര താലൂക്ക് , കൊല്ലം ജില്ല-691 512 (Regd post with A/D)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
5. പൊതുഭരണ (എസ്.സി) വകുപ്പ് (25.05.2022 തീയതിയിലെ ഇനം നമ്പർ 748 പ്രകാരം)
6. ജില്ലാ കളക്ടർ, കൊല്ലം.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-05-2022

ഫയൽ നം. SW2/26/2022/സൈ.ക്ഷേ.വ. ഇനം നം: 748

വിഷയം : സൈനികക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ 11.10.2021-ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച്-ന്റെ സഹോദരി കുമാരി. ശില്പ ഹരി-യ്ക്ക് തൊഴിൽ സഹായം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്.

748

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | SW2/26/2022/സൈ.ക്ഷേ.വ |
| 2. വകുപ്പ് | : | സൈനിക ക്ഷേമ വകുപ്പ് |
| 3. വിഷയം | : | സൈനിക സേവനത്തിനിടെ 11.10.2021 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച് -ന്റെ സഹോദരി കുമാരി. ശില്പ ഹരി - യ്ക്ക് തൊഴിൽ സഹായം നൽകുന്നത് -സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.04.2022 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ? | : | അതെ . |
| (ii)സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. തൊഴിൽ സഹായം നൽകുന്നതുമൂലം സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുമെങ്കിലും അനുവദനീയ തസ്തികയിലായിരിക്കും നിയമനം എന്നതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ആർ.താരാദേവി |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.രാജു നാരായണ സ്വാമി |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.05.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.05.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 21.05.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.05.2022 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സൈനിക സേവനത്തിനിടെ 11.10.2021 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച് -ന്റെ സഹോദരി കുമാരി. ശില്പ ഹരി -യ്ക്ക് തൊഴിൽ സഹായം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. 29.04.2002 ലെ സ.ഉ(പി)110/2002/പൊ.ഭ.വ പ്രകാരം ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന / കാണാതാകുന്ന / അംഗഭംഗം സംഭവിക്കുന്ന സൈനികന്റെ ഒരു ആശ്രിതന് സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്.

3. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച് -ന്റെ സഹോദരി കുമാരി. ശില്പ ഹരി അപേക്ഷ സമർപ്പിച്ചു. ശിപോയ് വൈശാഖ്.എച്ച് -ന്റെ മരണം ജമ്മുകാശ്മീരിൽ ഓപ്പറേഷൻ രക്ഷക് ദൗത്യത്തിനിടെ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ സംഭവിച്ചതാണെന്നും ആയത് "Attributable to Military Service (Battle Casualty") ആണെന്നും ആർമി സീനിയർ റെക്കാർഡ്സ് ആഫീസർ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സഹായം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകയ്ക്ക് തൊഴിൽ സഹായത്തിന് അർഹതയുള്ളതാണെന്ന് സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയായ കുമാരി.ശില്പ ഹരിയുടെ ജനനത്തീയതി 21.02.2001 ആണ്. ടി വ്യക്തി ബി.എ ബിരുദധാരിയുമാണ്.

**4.** തൊഴിൽ സഹായം സംബന്ധിച്ച 29.04.2002 ലെ ഉത്തരവിലെ Clause 5 (ii) പ്രകാരം സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III / IV ലെ ഏറ്റവും താഴ്ന്ന ഗ്രേഡിലോ, ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ, പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിലോ ആണ് തൊഴിൽ സഹായത്തിന് അർഹതയുള്ളത്.

**5.** ഈ സാഹചര്യത്തിൽ തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കുമാരി. ശില്പ ഹരി – യ്ക്ക് ഏതെങ്കിലും സർക്കാർ വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകാവുന്നതാണോ എന്നത് സംബന്ധിച്ച ഉത്തരവുകൾക്കായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. ആയത് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

11.10.2021 ൽ ജമ്മുകാശ്മീരിൽ സൈനിക സേവനത്തിനിടെ മരണപ്പെട്ട ശിപോയ് വൈശാഖ്.എച്ച് – ന്റെ സഹോദരി കൊല്ലം ജില്ലയിൽ, കൊട്ടാരക്കര താലൂക്കിൽ, ഓടനാവട്ടം വില്ലേജിൽ, കുടവട്ടൂർ (പി.ഒ), ശിൽപ്പാലയത്തിൽ കുമാരി.ശില്പ ഹരി – യ്ക്ക് 29.04.2002 ലെ സ.ഉ(പി)110/2002/പൊ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകാവുന്നതാണോ ?